9352
20/12/13

**കേരള സർക്കാർ**

**സംഗ്രഹം**

പിന്നോക്ക സമുദായ വികസന വകുപ്പ് - ഇടുക്കി ജില്ലയിലെ ദേവികുളം താലൂക്കിലെ വട്ടവട, കോവിലൂർ, കൊട്ടകൊമ്പൂർ പ്രദേശങ്ങളിലെ 'കുന്നുവർ മന്നാടി' സമുദായത്തെ വിദ്യാഭ്യാസാനുകൂല്യങ്ങൾക്ക മാത്രം മറ്റർഹ വിഭാഗങ്ങളുടെ (പട്ടികവർഗ്ഗ) പട്ടികയിൽ ഉൾപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പിന്നോക്ക സമുദായ വികസന (എ) വകുപ്പ്**

സ. ഉ (എം.എസ്) നമ്പർ. 14 /2013/പിസവിവ.        തീയതി, തിരുവനന്തപുരം, 17/12/2013.

---

പരാമർശം:- (1) സ.ഉ (പി) നം. 89/2010/SCSTDD തീയതി 03/08/2010.
(2) സ.ഉ (പി) നം. 26/2012/SCSTDD തീയതി 13/02/2012.
(3) കിർത്താഡ്സ് ഡയറക്ടറുടെ 16/02/2013-ാം തീയതിയിലെ ഡി 1-1764/13-ാം നമ്പർ കത്ത്.

**ഉത്തരവ്**

ഇടുക്കി ജില്ലയിലെ ദേവികുളം താലൂക്കിലെ വട്ടവട, കോവിലൂർ, കൊട്ടകൊമ്പൂർ എന്നിവിടങ്ങളിലെ പട്ടികവർഗ്ഗ മലയൻ സമുദായത്തിന് പരാമർശം (1) പ്രകാരം 'കുന്നുവർ മന്നാടി' യെന്ന ജാതിപ്പേര് നൽകുകയും പരാമർശം (2) പ്രകാരം ഒ.ബി.സി ലിസ്റ്റിൽപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

പരാമർശം (3) പ്രകാരം ഇടുക്കി ജില്ലയിലെ ദേവികുളം താലൂക്കിലെ വട്ടവട, കോവിലൂർ, കൊട്ടകൊമ്പൂർ പ്രദേശങ്ങളിൽ അധിവസിക്കുന്ന 'കുന്നുവർ മന്നാടി' സമുദായത്തെ പട്ടികവർഗ്ഗം ഒ.ഇ.സി എന്ന് പരിഗണിച്ച് കൊണ്ട് വിദ്യാഭ്യാസാനുകൂല്യങ്ങൾ അനുവദിക്കണമെന്ന് കിർത്താഡ്സ് ഡയറകടർ ശുപാർശ ചെയ്യുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഇടുക്കി ജില്ലയിലെ ദേവികുളം താലൂക്കിലെ വട്ടവട, കോവിലൂർ, കൊട്ടകൊമ്പൂർ പ്രദേശങ്ങളിലെ 'കുന്നുവർ മന്നാടി' സമുദായം സംവരണാനുകൂല്യങ്ങൾക്കായി നിലവിലുള്ളതു പോലെ ഒ.ബി.സി പട്ടികയിൽ തുടരുകയും ടി സമുദായത്തിൽപ്പെട്ടവർ അവരുടെ യഥാർത്ഥ ജാതിപ്പേർ പ്രഖ്യാപിച്ച് സ്കൂൾ രേഖകളിൽ ആവശ്യമായ തിരുത്തലുകൾ വരുത്തുന്ന പക്ഷം വിദ്യാഭ്യാസാനുകൂല്യങ്ങൾക്ക മാത്രം ഒ. ഇ.സി (പട്ടിക വർഗ്ഗ) പട്ടികയിൽ ഉൾപ്പെടുത്തിക്കൊണ്ട് ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,
**ഡോ. ആഷ തോമസ്**
ഗവൺമെന്റ് പ്രിൻസിപ്പൽ സെക്രട്ടറി.

എല്ലാ ജില്ലാ കളക്ടർമാർക്കും.
എല്ലാ യൂണിവേഴ്സിറ്റികൾക്കും.
രജിസ്ട്രാർ, കേരള സംസ്ഥാന പിന്നോക്ക വിഭാഗ കമ്മീഷൻ, അയ്യങ്കാളി ഭവൻ, കനകനഗർ, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരളം, തിരുവനന്തപുരം.
പൊതുഭരണ (എസ്.സി) വകുപ്പ് (11.12.2013-ലെ മന്ത്രിസഭാതീരുമാനം ഇനം നം. 4370 പ്രകാരം).
ഡയറക്ടർ, പിന്നാക്ക സമുദായ വികസന വകുപ്പ്, അയ്യങ്കാളി ഭവൻ, കനക നഗർ, വെള്ളയമ്പലം, തിരുവനന്തപുരം.
ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ്, അയ്യങ്കാളി ഭവൻ, കനക നഗർ, വെള്ളയമ്പലം, തിരുവനന്തപുരം.
ഡയറക്ടർ, പട്ടികവർഗ്ഗ വികസന വകുപ്പ്, വികാസ് ഭവൻ, തിരുവനന്തപുരം.
ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ്, തിരുവനന്തപുരം.
ഇൻഫർമേഷൻ ആഫീസർ, വെബ് & ന്യൂ മീഡിയ (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിലേക്കായി).
ധനകാര്യ വകുപ്പ് , റവന്യൂ വകുപ്പ്, പൊതുവിദ്യാഭ്യാസ വകുപ്പ്.
ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ്, ഉന്നത വിദ്യാഭ്യാസ വകുപ്പ് .
പട്ടികജാതി [illegible] പട്ടികവർഗ്ഗ വികസന വകുപ്പ്.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ